## കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ

## ടെണ്ടർ പരസ്യം- മുറികൾ വാടകയ്ക്ക്

0487-2331124

കൊച്ചിൻ ദേവസ്വം ബോർഡ് വക തൃശൂർ റൗണ്ട് നോർത്തിലെ ശിവശക്തി കെട്ടിടം ശ്രീ കൈലാസം കെട്ടിടം, ശ്രീവടക്കുന്നാഥൻ കെട്ടിടം എന്നിവിടങ്ങളിൽ താഴെ പറയുന്ന മുറികൾ ഏറ്റവും കൂടുതൽ നിരക്കിൽ പ്രതിമാസ വാടകയ്ക്ക് എടുക്കുവാൻ ആഗ്രഹിക്കുന്നവരിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | കെട്ടിടം | കെട്ടിടനമ്പർ വിവരം | വിസ്തീർണ്ണം ച.അടി | നിരതദ്രവ്യം സംഖ്യ |
|---|---|---|---|---|
| 1 | ശ്രീവടക്കുന്നാഥൻ | 28/723/1 (middle) | 1903 | 25000 |
| 2 | ,, | 28/703 | 976 | 10000 |
| 3 | ശ്രീ കൈലാസം | 28/780/15 | 186 | 5000 |
| 4 | ശിവശക്തി | 28/774/5 | 610 | 10000 |
| 5 | ,, | 28/753 | 562 | 10000 |
| 6 | ,, | 28/754 | 785 | 10000 |
| 7 | ,, | 28/771 | 770 | 10000 |
| 8 | ,, | 28/774/1 A | 322 | 5000 |

മേൽ കാണിച്ച മുറികളുടെ ചതുരശ്ര അടി നിരക്കിലുള്ള വാടകയുടെ മേൽ ഏറ്റവും കൂടുതൽ തുകക്ക് ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിക്ക് ദേവസ്വം ബോർഡിൽ നിലവിലുള്ള വാടക വ്യവസ്ഥകൾ അനുസരിച്ച് മുറി അനുവദിച്ച് നൽകുന്നതാണ്. ടെണ്ടറുകൾ സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ കൊച്ചിൻ ദേവസ്വം ബോർഡ് പേരിൽ തൃശ്ശൂരിൽ മാറാവുന്ന മേൽ കാണിച്ച നിരതദ്രവ്യം സംഖ്യക്കുള്ള ഡി ഡി അടക്കം 15/02/21 ന് 3 പി.എം. മണിക്ക് മുമ്പായി താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ലഭിച്ച ടെണ്ടറുകൾ അന്നേ ദിവസം 3.30 പി.എം. ന് ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമായിരിക്കും. നിരതദ്രവ്യം സംഖ്യ അടക്കം ചെയ്യാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്. ലഭിക്കുന്ന ടെണ്ടറുകളിൽ ഗുണകരമായവ സ്വീകരിക്കുന്നതിനും അല്ലാത്തവ നിരുപാധികം തള്ളിക്കളയുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

വാടക ഏൽപ്പന കാലാവധി 11 മാസമായിരിക്കുന്നതും ലൈസൻസ് ഡീഡുകൾ സമർപ്പിച്ച് മുറികൾ ഏറ്റെടുക്കേണ്ടതുമാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടക അഡ്വാൻസ് സംഭാവന എന്നിവ അടച്ചതിനുശേഷം ലൈസൻസ് ഡീഡുകൾ ഒപ്പുവെച്ചു നൽകുന്നതാണ്.

സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നാൽ 11 മാസത്തെ വാടകയ്ക്ക് തുല്യമായ സംഖ്യ, എന്നാണ് അർത്ഥമാക്കുന്നത്. അഡ്വാൻസ് എന്നത് 3 മാസത്തെ വാടകയ്ക്ക് തുല്യമായ സംഖ്യയും, സംഭാവന എന്നത് സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 50% എന്നുമാണ് അർത്ഥമാക്കുന്നത്. പ്രതിമാസ വാടകയോടൊപ്പം നിയമപ്രകാരമുള്ള GST അടക്കേണ്ടതാണ്.

ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഈ ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

സെക്രട്ടറി

SECRETARY
COCHIN DEVASWOM BOAR

കൊച്ചിൻ ദേവസ്വം ബോർഡ് കാര്യാലയം
റൗണ്ട് നോർത്ത്, തൃശൂർ
തിയ്യതി- 01/02//2021